(ഡി) 2002-03 മുതൽ നാളിതുവരെ 6,89,011 തെങ്ങുകൾ വെട്ടിമാറ്റുകയും 3,28,592 നല്ലയിനം തെങ്ങിൻ തൈകൾ (22 രൂപ മുതൽ 27 രൂപ വരെ വിലയുള്ളവ) സൗജന്യമായി റീ-പ്ലാന്റിംഗ് നടത്തുകയും ചെയ്തു. 4475 ഹെക്ടർ കുരുമുളക് കൃഷിയിടങ്ങളിൽ റീഹാബിലിറ്റേഷൻ പ്രകാരം 67.125 ലക്ഷം രൂപ ചെലവഴിച്ച് റീ-പ്ലാന്റിംഗ് നടപ്പിലാക്കുകയും വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി റീഹാബിലിറ്റേഷനുവേണ്ടി അനുവദിച്ച 8 കോടി രൂപയുടെ പദ്ധതി പ്രകാരം 4000 ഹെക്ടറിൽ റീ-പ്ലാന്റിംഗ് നടപ്പിലാക്കുകയുമുണ്ടായി. 1310 ഹെക്ടറിൽ റീ-പ്ലാന്റിംഗ് നടത്തുവാൻ ഒരു ഹെക്ടറിന് 200 കശുമാവ് ഗ്രാഫ്റ്റുകൾ വീതം നൽകുകയും വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ 2004-05-ൽ കശുമാവ് വികസനത്തിനുവേണ്ടി അനുവദിച്ച 3.11 കോടി രൂപയുടെ പദ്ധതി പ്രകാരം 2900 ഹെക്ടർ സ്ഥലത്ത് റീ-പ്ലാന്റിംഗ് നടത്തുകയുണ്ടായി. 2005-06-ലേക്കായി ഇതേ തുക തന്നെ അനുവദിച്ചിട്ടുണ്ട്. റീപ്ലാന്റിംഗ് ഒരു പോളിസിയായി എല്ലാ ദീർഘകാല വിളകൾക്കും അനുവദിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) റബ്ബർ കൃഷിക്കുള്ളപോലെ കമ്മോഡിറ്റി ബോർഡുകളുള്ള ദീർഘകാല വിളകൾക്കുള്ള റീ-പ്ലാന്റിംഗ് സബ്സിഡി അതാത് ബോർഡുകളാണ് നൽകി വരുന്നത്.

മൊബൈൽ ടവറുകൾ അപകടരഹിതമായി സ്ഥാപിക്കുന്നതിന് നടപടി

14 (*33) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് ലൈസൻസ്, ഫീസ് എന്നിവ ആവശ്യമുണ്ടോ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടിടങ്ങളുടെ മുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് മുമ്പ് ഈ കെട്ടിടങ്ങൾക്ക് ടവറുകൾ വഹിക്കാനുള്ള ശേഷിയും സുരക്ഷിതത്വവും ഉണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ ആരെയാണ് അതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളുടെ മുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) മൊബൈൽ ടവറുകൾ കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) ഉണ്ട്. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് പെർമിറ്റ് വാങ്ങേണ്ടതാണെന്ന് 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനുള്ള മറ്റ് വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 131 മുതൽ 142

LIBRARY ARCHIVES Kerala Legislative Assembly

വരെയുള്ള ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിന് അപേക്ഷാഫീസായി 1,000 രൂപയും പെർമിറ്റ് ഫീസായി ടവറുകൾക്ക് 10,000 രൂപ, ഇരുമ്പ് തൂണുകൾക്ക് 2,500 രൂപ നിരക്കിലുമാണ് ഫീസ് അടയ്ക്കേണ്ടത്.

(ബി) ഉണ്ട്. കെട്ടിടത്തിന്റെ മുകളിലാണ് ടവറുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നതെങ്കിൽ നിർമ്മാണത്തിനുള്ള അനുമതിക്ക് വേണ്ടി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം പ്രസ്തുത കെട്ടിത്തിന്, ടവറുകൾ വഹിക്കാനുള്ള ശേഷിയും സുരക്ഷിതത്വവുമുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന്, സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സിവിൽ എഞ്ചിനീയറിംഗിലോ സ്ട്രക്ചറൽ എഞ്ചിനീയറിംഗിലോ ബിരുദാനന്തര ബിരുദമുള്ള രജിസ്റ്റേർഡ് എഞ്ചിനീയറോ കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ അർദ്ധസർക്കാർ സ്ഥാപനങ്ങളിലോ ജോലിയുള്ള എഞ്ചിനീയറോ നൽകുന്ന സർട്ടിഫിക്കറ്റാണ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്.

(സി) ടവറുകൾ സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ ശേഷിയും സുരക്ഷിതത്വവും സംബന്ധിച്ച സർട്ടിഫിക്കറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷമേ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള പെർമിറ്റ് നൽകുവാൻ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുകയുള്ളൂ. അതിനാൽ സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളുടെ മുകളിൽ ടവറുകൾ സ്ഥാപിക്കാൻ സാദ്ധ്യതയില്ല.

(ഡി) മൊബൈൽ ടവറുകൾ കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 19-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതനുസരിച്ച് പാലിക്കേണ്ട പ്രധാന വ്യവസ്ഥകൾ താഴെ കൊടുക്കുന്നു:

1. ചട്ടങ്ങളിൽ അനുശാസിക്കുന്ന രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുകയും ഫീസ് ഒടുക്കുകയും ചെയ്ത് പെർമിറ്റ് വാങ്ങിയശേഷം മാത്രമേ ടവറുകൾ സ്ഥാപിക്കാൻ പാടുള്ളൂ.

2. ടവറിന്റെ അടിസ്ഥാനം റോഡിൽ നിന്നും 3 മീറ്റർ മാറി നിൽക്കേണ്ടതാണ്. കൂടാതെ നഗരവികസന സ്കീമുകളിൽ നിർദ്ദേശിക്കുന്ന റോഡ് വികസന നിർദ്ദേശങ്ങൾക്ക് അനുസൃതമായിരിക്കണം.

3. ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കേണ്ടത്.

4. ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ചുള്ള ദൂരപരിധി പാലിച്ചിരിക്കേണ്ടതാണ്.

5. സുരക്ഷിതത്വ ചുമർ കെട്ടേണ്ടതും അതിന് 2.10 മീറ്റർ ഉയരം ഉണ്ടായിരിക്കേണ്ടതുമാണ്.

6. ഇടിമിന്നലിൽ നിന്ന് സുരക്ഷിതത്വത്തിന് വേണ്ട മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. ഏവിയേഷൻ മുൻകരുതൽ ലൈറ്റുകൾ സ്ഥാപിച്ചിരിക്കണം.

8. അന്തർദ്ദേശീയ കളർ കോഡ് അനുസരിച്ച് ടവർ പെയിന്റ് ചെയ്തിരിക്കണം.

9. സൈനിക സ്ഥാപനങ്ങളിൽനിന്ന് 200 മീറ്ററും റെയിൽവേയുടെ സ്ഥലത്തുനിന്ന് 100 മീറ്ററും ദൂരപരിധി പാലിച്ചിരിക്കണം.

നെൽകൃഷി വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

15 (*34) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ :

(ബി) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ :

(സി) തരിശു കിടന്ന എത്ര ഏക്കർ സ്ഥലത്താണ് സർക്കാർ പുതുതായി നെൽകൃഷി നടത്തിയിട്ടുള്ളത് :

(ഡി) നെൽകൃഷി നടത്തിയിരുന്ന എത്ര ഏക്കർ സ്ഥലമാണ് ഇപ്പോൾ തരിശായി കിടക്കുന്നത്;

(ഇ) വിവരസാങ്കേതിക വിദ്യയുടെയും ജൈവസാങ്കേതിക വിദ്യയുടെയും അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷികരംഗം നവീകരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 1. ഉല്പാദന ചെലവു കുറയ്ക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നു.

2. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നു.

3. വിത്ത് വിതരണം കാര്യക്ഷമതയോടുകൂടിയും സമയബന്ധിതവുമായി നടപ്പിലാക്കുവാൻ വിത്ത് വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

4. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ സീസണിലും നെൽകൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 350 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly